**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4188** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പുതിയ ബ്രൂവറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരളാ ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ ഉല്പാദിപ്പിക്കാൻ നീക്കമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പഴവർഗ്ഗങ്ങളിൽ നിന്നും ലഭ്യമായ പച്ചക്കറികളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ നിർമ്മിക്കുന്നതിന് Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules 2022 നിലവിൽ വന്നിട്ടുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈൻ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി വില്പന നടത്തുവാനും കയറ്റുമതി നടത്തുവാനുമാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിന് തടസ്സം ഇല്ല. സംസ്ഥാനത്ത് പുതിയ ബ്രൂവറി ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളുടെ അർഹത പരിശോധിക്കുന്നതിനും, ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും രൂപീകരിക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമെ പബ്ബ് എന്ന ആശയം നടപ്പാക്കാൻ സാധിക്കുകയുള്ളോ; ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് ബ്രൂവറി ലൈസൻസുകൾ അനുവദിക്കുന്നത് 1967ലെ ബ്രൂവറി റൂൾസ് പ്രകാരമാണ്. കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമേ പബ്ബ് എന്ന ആശയം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നത് വസ്തുതാപരമായി ശരിയല്ല. ഡ്രോട്ട് ബീയർ ലഭ്യമാക്കി 48 മണിക്കൂറിനുള്ളിൽ വില്പന നടത്തുക എന്ന നിബന്ധന പാലിച്ചുകൊണ്ട് പബ്ബ് ബീയർ പാർലർ ലൈസൻസ് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ട്. നിലവിലുള്ള ബ്രൂവറികളിൽ നിന്നും ഡ്രോട്ട് ബീയർ ലഭ്യമാക്കി പബ്ബ് ബീയർ പാർലർ ലൈസൻസ് എടുക്കുന്നവർക്ക് ഡ്രോട്ട് ബീയർ വില്പന നടത്താവുന്നതാണ്. നിലവിലെ മദ്യനയം |

| | | | |
|---|---|---|---|
| | | | അനുസരിച്ച് ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് പ്രത്യേക ലൈസൻസ് അനുവദിക്കുന്നതിന് 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും ആയതിന്റെ മാനദണ്ഡങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | സംസ്ഥാനത്ത് പുതുതായി എത്ര മദ്യശാലകൾ തുറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | 175 ഷോപ്പുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | ടൂറിസം ലക്ഷ്യം വച്ച് മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ബാറിൽ നിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; ഇതിലേക്ക് ഹോട്ടൽ വേർതിരിവ് ഏത് രീതിയിലാണെന്ന് അറിയിക്കാമോ; | (ഇ) | മുൻ സർക്കാർ നടപ്പിലാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി ടൂറിസം വകുപ്പ് നടത്തിയ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. അബ്കാരി നയത്തിലെ മാറ്റം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണെന്ന് കാര്യകാരണസഹിതം വിനോദ സഞ്ചാര വകുപ്പ് ബോദ്ധ്യപ്പെടുത്തിയ സാഹചര്യത്തിൽ, ടൂറിസം ലക്ഷ്യംവച്ച് 2017-18 വർഷത്തിൽ അബ്കാരി നയത്തിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്. വിനോദസഞ്ചാരം അതിപ്രധാനമായ ഒരു തൊഴിൽ മേഖലയും സംസ്ഥാനത്തിന്റെ സമ്പത്ഘടനയെ നിയന്ത്രിക്കുന്നതിൽ പ്രധാന ഘടകവുമാണ്. കൂടാതെ കൃഷിയെയും പരമ്പരാഗത വ്യവസായങ്ങളേയും ടൂറിസവുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി 2022-23 വർഷത്തെ മദ്യനയത്തിലും വിനോദ സഞ്ചാര മേഖലകളിൽ ടൂറിസത്തിന്റെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഇളവുകൾ കൊണ്ടുവന്നിട്ടുണ്ട്. ബാറുകളിൽ നിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (എഫ്) | സ്പിരിറ്റ് തിരിമറി നടത്തിയ കമ്പനിക്ക് തന്നെ മദ്യം വാങ്ങുന്നതിനുള്ള കരാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | ഇല്ല. 01.02.2022 മുതൽ 31.01.2023 കാലയളവിലേയ്ക്കുള്ള ENA ഇ-ടെൻഡറിൽ ആരോപണവിധേയമായ കമ്പനി പങ്കെടുത്തിരുന്നുവെങ്കിലും അവരെ ഒഴിവാക്കിയ ശേഷം, മറ്റ് കമ്പനികൾക്കാണ് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിന് ENA നൽകുന്നതിനുള്ള കരാർ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ